(ബി) പ്രസ്തുത കേസുകളിൽ മന്ത്രിമാർക്കെതിരെ കേസ് ഫയൽ ചെയ്തവർ ആരെല്ലാം; സ്വമേധയാ കോടതികൾ സ്വീകരിച്ച കേസുകൾ ഏതെല്ലാം; വിശദാംശം വ്യക്തമാക്കുമോ;

(സി) വിവിധ കോടതികളിൽ രജിസ്റ്റർ ചെയ്തതും അല്ലാത്തതുമായ കേസുകളുടെ പേരിൽ രാജിവച്ച മന്ത്രിമാർ ആരെല്ലാം; രാജിവയ്ക്കാനുള്ള കാരണം എന്തെന്നും ഇവരിൽ ആരുടെയെല്ലാം രാജി മുഖ്യമന്ത്രി ബഹു. ഗവർണർക്കു നൽകി എന്നും ആരുടെയെല്ലാം രാജി ബഹു. ഗവർണർക്ക് മുഖ്യമന്ത്രി സമർപ്പിച്ചില്ല എന്നും ആയതിന്റെ കാരണം എന്ത് എന്നും വ്യക്തമാക്കുമോ;

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഭവന നിർമ്മാണ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

119 (1859) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭവന നിർമ്മാണ വകുപ്പ് തിരുർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോപദ്ധതിക്കും ഇതേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ കണക്കും ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ വകുപ്പ് തിരുർ നിയോജക മണ്ഡലത്തിൽ പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല.

ചാലക്കുടി ടൗണിലെ പുതിയ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

120 (1860) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ടൗണിൽ ഹൗസിംഗ് ബോർഡു വക സ്ഥലത്ത് അനുവദിച്ച് നിർമ്മാണം ആരംഭിച്ചിട്ടുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഹോസ്റ്റൽ നിർമ്മാണ ചെലവ് സംബന്ധിച്ച വിശദ വിവരങ്ങളും, ഹോസ്റ്റലിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങളും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly